## ചോ:

# "സഭയുടെ നിത്യവും അന്ത്യവുമായ സ്ഥാനത്തെക്കുറിച്ചു ബൈബിൾ എന്തു പഠിപ്പിക്കുന്നു?"

## ഉത്തരം:

*വിശ്വസ്തരായവർക്കു ലഭിക്കുവാനിരിക്കുന്ന പ്രതിഫലത്തെ കുറിച്ചാണ് ഈ അവസാന ചോദ്യം കേന്ദ്രീകരിക്കുന്നത് (വെളിപ്പാട് 2:10). ഈ പഠനം ഓരോ വായനക്കാരനെയും പുതിയനിയമ സഭയിൽ വിശ്വസ്തമായ അംഗത്വത്തിനുവേണ്ടി ആഗ്രഹിക്കും എന്നാണു ഞങ്ങൾ പ്രത്യാശിക്കുന്നത്.*

ക്രിസ്തുവിലുള്ള ദൈവത്തിന്റെ നിത്യമായ ഉദ്ദേശപ്രകാരമാണ് സഭ സ്ഥാപിച്ചതു എന്ന ചിന്ത എത്ര ആഹ്ളാദം ജനിപ്പിക്കുന്നതാണ്! സഭയിലെ ദൈവത്തിന്റെ അപ്രമേയമായ ജ്ഞാനം "എല്ലാ തലമുറകൾക്കും എന്നുമെന്നേക്കും ഉള്ളതാണ്" (എഫെസ്യർ 3:10, 11, 21). ലോകസ്ഥാപനത്തിനു മുൻപു തന്നെ, സ്നേഹവാനായ ദൈവത്തിന്റെ മനസ്സിൽ, സ്വർഗ്ഗത്തിലെ സഭയുടെ നിത്യവും അന്ത്യവുമായിട്ടുള്ള സ്ഥാനം ദൈവം മുൻനിർണ്ണയിച്ചിരുന്നു (1 പത്രൊസ് 1:20).

വാസ്തവത്തിൽ, സ്വർഗ്ഗീയ ലോകത്തെ ബൈബിളിൽ വിവരിക്കുന്നതിനെ കുറിച്ച് ഒരാൾ ധ്യാനിക്കുമ്പോൾ "ദൈവവചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും" (എബ്രായർ 6:5) ഒരാൾ ആസ്വദിക്കുന്നു. നമ്മുടെ എന്നേക്കുമുള്ള അന്തിമസ്ഥാനത്തെ കുറിച്ചുള്ള വിവിധ ചിത്രീകരണങ്ങൾ ഉപയോഗിച്ച്, ശ്രേഷ്ഠമായ ഒരു ലോകത്തിന്നുവേണ്ടി ക്രിസ്ത്യാനികൾ കാംക്ഷിക്കുവാനാണ് ബൈബിൾ അവരെ പ്രാപ്തരാക്കുന്നത്.

### ജീവവൃക്ഷത്തിൽ പങ്കുകാരാകൽ

ഏദെൻ തോട്ടത്തിൽ, അറിവിന്റെ വൃക്ഷം കൂടാതെ, ജീവൻ നല്കുന്ന ശക്തിയുള്ള ഒരു വൃക്ഷം കൂടെ ഉണ്ടായിരുന്നു, അതിനെ "ജീവവൃക്ഷം" എന്നു വിളിച്ചിരുന്നു. ആ വൃക്ഷം ദൃശ്യവും സുവ്യക്തവുമായ ഒന്നായിരുന്നു. ഒരാൾക്ക് "കൈ, നീട്ടി പറിച്ച് എടുത്ത്" "തിന്ന്, എന്നേക്കും ജീവിക്കാമായിരുന്നു" (ഉല്പത്തി 3:22). തങ്ങൾ അയോഗ്യരാണെന്നു ആദാമും ഹവ്വയും തെളിയിച്ചപ്പോൾ, ദൈവം അവരെ ആ വിലയുള്ള വൃക്ഷത്തിൽ നിന്ന് അകറ്റുകയും അതു സൂക്ഷിക്കുവാൻ കെരൂബുകളെ ആക്കുകയും ചെയ്തു. അത് എത്രകാലം ആ തോട്ടത്തിലുണ്ടായിരുന്നുവെന്നോ അതിന് എന്തു സംഭവിച്ചു എന്നോ, ആർക്കും അറിയില്ല. പിന്നീട് ഉൽപ്പത്തി മുതൽ ഉള്ള ബൈബിൾ പുസ്തകങ്ങളിൽ ഒന്നും, ആ മനോഹര വൃക്ഷത്തെ കുറിച്ചു പറഞ്ഞിട്ടില്ല. (സദൃശവാക്യങ്ങൾ 11:30 ഒഴിവാക്കിയതായി കാണുന്നില്ല) എങ്ങനെയായാലും, സ്വർഗ്ഗത്തിന്റെ നിത്യപദ്ധതി അനുസരിച്ച്, ആ വൃക്ഷത്തെ

മറന്നിരുന്നില്ല. വെളിപ്പാട് പുസ്തകത്തിൽ അതിനെ കുറിച്ചുള്ള ചിന്ത പുതുക്കുന്നുണ്ട് - അതു ദൃശ്യമായ, സുവ്യക്തമായ, ഭൗമികമായ വൃക്ഷം ആയിട്ടല്ല, എന്നാൽ സ്വർഗ്ഗത്തിലെ ഒരു ആത്മീയ ചിത്രീകരണം എന്ന നിലയിലാണ്. ഏദെൻ തോട്ടത്തിലെ വൃക്ഷത്തിന്റെ ജീവൻ പ്രതിനിധീകരിച്ച് ഇപ്പോൾ ഒരു സ്വർഗ്ഗീയമായ വൃക്ഷം നമുക്കുള്ളതുകൊണ്ടു നാം ആഹ്ളാദിക്കുന്നു (വെളിപ്പാട് 2:7).

സാധാരണ ആളുകൾ ജീവിതത്തെ സ്നേഹിക്കുകയും നന്മ കാണുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു (1 പത്രൊസ് 3:10). ക്രിസ്തു വന്നത് ജീവൻ തരുവാനും, അത് സമൃദ്ധിയായി തരുവാനുമാണ് (യോഹന്നാൻ 10:10). അവൻ മരണത്തെ നീക്കുകയും ജീവൻ തന്ന് അമർത്യത സുവിശേഷത്താൽ നൽകുകയും ചെയ്തു (2 തിമൊഥെയൊസ് 1:10). അവൻ "മരണത്തിന്റെ അധികാരിയായ, പിശാചിനെ, തന്റെ മരണത്താൽ, നീക്കി ... ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" (എബ്രായർ 2:14, 15). അവനു മാത്രമെ ഇങ്ങനെ പറയാൻ സാധിക്കൂ, "ഭയപ്പെടേണ്ട; ഞാൻ ആദ്യനും അന്ത്യനും, ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്" (വെളിപ്പാട് 1:17, 18).

അപ്പോൾ, യേശു ചെയ്തതായ സൽപ്രവൃത്തിയാലാണ്, വിശ്വസ്തരായ സഭാംഗങ്ങൾക്കു, ആലങ്കാരികമായി ജീവവൃക്ഷമുള്ള സ്ഥലത്ത് പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. അവിടെ അതിന്റെ ഫലത്തോടടുക്കുന്നതിന് കെരൂബിന്റെ വിലക്കില്ല; എന്നിരുന്നാലും അതിൽനിന്ന് ഓരോ സഭാംഗത്തിനും ഭക്ഷിക്കാൻ കഴിയുകയില്ല. "ആ കാലത്തേക്ക് പ്രവേശിക്കുവാൻ യോഗ്യരായ മരിച്ചവരിൽ നിന്നു പുനരുത്ഥാനം ചെയ്തവർക്കു" മാത്രമായിരിക്കും ആ അവകാശം ലഭിക്കുക. സ്വർഗ്ഗീയവൃക്ഷത്തിൽ നിന്ന് തിന്നുവാൻ കഴിയുന്നവർ വീണ്ടും മരിക്കുകയില്ല, "കാരണം അവർ ദൂതന്മാരെ പോലെയും, ദൈവപുത്രന്മാരെ പോലെയും, പുനരുത്ഥാനമക്കളെ പോലെയും ആകും" (ലൂക്കൊസ് 20:35, 36).

ജീവവൃക്ഷത്തിന്റെ പ്രഥമസ്ഥാനം "ഏദെൻ" തോട്ടത്തിലായിരുന്നു, ആ വാക്കിന്റെ അർത്ഥം "സുഖകരം" എന്നാണ്. രണ്ടാമത്തെ വൃക്ഷം "പറുദീസ" എന്ന സ്ഥലത്താണ്, അർത്ഥം "ഒരു ഉദ്യാനം അല്ലെങ്കിൽ സൂക്ഷിപ്പ്, സുഖകരമായ സ്ഥലം എന്നാണ്."[1] സ്വർഗത്തെ ഒരു ഉദ്യാനം അല്ലെങ്കിൽ തോട്ടം ആയി ചിത്രീകരിച്ചിട്ടുള്ളതിൽ "ദൈവത്തിന്റേയും കുഞ്ഞാടിന്റേയും, സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന, പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയുണ്ട്" (വെളിപ്പാട് 22:1). ആ നദിക്കു ഇക്കരെയും അക്കരെയും "ജീവവൃക്ഷമുണ്ട്, അതു പന്ത്രണ്ടുവിധം ഫലം കായ്ച്ചു, മാസം തോറും അതത് ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്ക് ഉതകുന്നു" (വെളിപ്പാട് 22:2).

## ജീവകിരീടം ധരിക്കൽ

വിശ്വസ്തരായ സഭാംഗങ്ങളുടെ നിത്യവും അന്തിമവുമായ സ്ഥാനത്തെ വിവരിക്കുന്ന രണ്ടാമത്തെ രൂപകാലങ്കാരമാണ് കിരീടധാരണം (വെളിപ്പാട് 2:10). വാഗ്ദാനം ചെയ്ത കിരീടം ഒരു *ഡയാഡെമ* അല്ല, ഒരു രാജാവിന്റെ തലയിൽ നിന്നും ഊരി മകന്റെ തലയിൽ വെക്കുന്ന മകുടം. ആലങ്കാരികമാ

യി പറഞ്ഞാൽ, അതൊരു *സ്റ്റെഫാനൊസ്* ആണ്, ഒരു റീത്ത് അല്ലെങ്കിൽ മാല, പുരാതന കായികമൽസരത്തിൽ വിജയികൾക്ക് നൽകിയിരുന്നതാണ്. പുഷ്പങ്ങൾകൊണ്ടുള്ള ഒളിമ്പിക് കിരീടം വാടി പോകുന്നതാണ്, എന്നാൽ ക്രിസ്ത്യാനിക്കു ലഭിക്കുന്ന കിരീടം അനശ്വരമാണ് (1 കൊരിന്ത്യർ 9:25). ഒളിമ്പിക് കിരീടം ഉതിർന്നുപോകുന്നതാണ്, എന്നാൽ ക്രിസ്ത്യാനിക്കു ലഭിക്കുന്ന തേജസിന്റെ കിരീടം ഒരിക്കലും വാടാത്തതാണ് (1 പത്രൊസ് 5:4). സ്വർഗരാജ്യത്തിൽ തനിക്കു ലഭിക്കുവാനിരിക്കുന്ന നീതിയുടെ കിരീടത്തിൽ പൗലൊസ് സന്തോഷിച്ചിരുന്നു (2 തിമൊഥെയൊസ് 4:8).

## മന്ന ഭക്ഷിക്കൽ

നിത്യജീവനെ പ്രതിപാദിക്കുന്ന മൂന്നാമത്തെ ചിത്രം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞ എബ്രായരിൽ കാണാം. ദൈവം അവർക്കു അത്ഭുതകരമായി ആഹാരം കൊടുത്തില്ലായിരുന്നുവെങ്കിൽ ആ ആളുകൾ പട്ടിണിയാൽ മരിച്ചുപോകുമായിരുന്നു. രാത്രിയിൽ പാളയത്തിന്മേൽ മഞ്ഞുതുള്ളികൾ വീണപ്പോൾ, "മന്ന" കൂടെ വീണിരുന്നു (സംഖ്യാപുസ്തകം 11:9). തേൻ ചേർത്തുണ്ടാക്കിയ അപ്പത്തിന്റെ രുചിയായിരുന്നു അതിന് (പുറപ്പാട് 16:31). ആ ആഹാരത്താൽ, ദൈവം അവരെ അവരുടെ നാല്പതു വർഷത്തെ മരുഭൂയാത്രയിൽ നിലനിർത്തി. സ്വർഗത്തിൽനിന്നു ലഭിച്ച ആ ആഹാരത്തെ, സെപ്ത്വജിന്റ് വിളിച്ചത് *ആർടോൺ ഏഞ്ചലോൺ*, അതായത് ''ദൂതന്മാരുടെ ആഹാരം'' (സങ്കീർത്തനങ്ങൾ 78:25). കെജെവിയിൽ അതിനെ ''ദൂതന്മാരുടെ ആഹാരം'' എന്നാണ് പറഞ്ഞിരിക്കുന്നത്. അർത്ഥം ഒരുപക്ഷെ ആഹാരം ദൈവം ദൂതന്മാർ മുഖേന കൊടുത്തു എന്നാകാം. ഭൗതിക മന്ന എബ്രായർക്കു ജീവനും മരണത്തിനും ഇടക്ക് വ്യത്യാസം വരുത്തിയെങ്കിൽ, വീണ്ടെടുക്കപ്പെട്ടവർക്കു സ്വർഗത്തിൽ നിലനിൽക്കേണ്ടതിന്നു ആത്മീയ "മന്ന" എത്രയധികം വ്യത്യാസമുണ്ടാക്കും (വെളിപ്പാട് 2:17).

## എഴുതിയിരിക്കുന്ന ഒരു വെള്ളക്കല്ല് കൊടുത്തു

വിശ്വസ്ത ക്രിസ്ത്യാനിക്കു യേശുക്രിസ്തു നൽകുവാനിരിക്കുന്ന നാലാമത്തെ നിത്യമായ അനുഗ്രഹം ഒരു വെള്ളക്കല്ല് ആണ് (വെളിപ്പാട് 2:17). റോമാ വിചാരണകളിൽ, അപരാധനിർണ്ണയം, ഒരു കറുത്ത കല്ലുകൊണ്ടും, കുറ്റരഹിതനെന്നു സൂചിപ്പിക്കുന്നതു, വെളുത്ത കല്ലുകൊണ്ടുമായിരുന്നു. സ്വർഗ്ഗത്തിൽ, ഇപ്പോൾ ആത്മാവിനെ അനുസരിച്ചു നടക്കുന്നവരെ സംബന്ധിച്ചു വാസ്തവമാണെന്നപോലെ, "ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല" (റോമർ 8:1). കുറ്റവിമുക്തമാക്കപ്പെട്ടവർക്കു വെള്ളക്കല്ലു നല്കുന്നതു രക്ഷ വ്യക്തിപരമാണെന്നു ഉറപ്പാക്കുന്നു. ഒരു സഭക്കു മുഴുവനായിട്ടല്ല വെള്ളക്കല്ലു നല്കുന്നതു; മറിച്ച്, ഓരോ വിശ്വസ്ത ക്രിസ്ത്യാനിക്കുമാണ്.

കൂടാതെ, ഗുണഭോക്താവിനു മാത്രം അറിയാവുന്ന ഒരു സ്വകാര്യ പേർ അതിൽ എഴുതിയിരിക്കുന്നതുകൊണ്ടു, വ്യക്തിപരമായ അംഗീകാരത്തെയും കർത്താവിൽനിന്നുള്ള പ്രതിഫലത്തെയും കല്ലു വ്യക്തമാക്കുന്നു. ഒരാൾ സ്വർഗത്തിൽ പോകുന്നതു (കറുത്ത കല്ലിനു പകരം വിവരിച്ച വെളുത്ത കല്ലു ലഭിക്കുന്നത്) അത്ഭുതാവഹമായിരിക്കും; എന്നാൽ, കർത്താവു, സ്പഷ്ടമായും കല്ലിൽ സ്വകാര്യപേർ എഴുതിയിരിക്കുന്നതുകൊണ്ട്, ശ്രേഷ്ഠ

മായ ആ ദേശത്തു വിവിധ അളവിൽ സന്തോഷം ലഭിക്കും. അതുകൊണ്ടു, ക്രിസ്ത്യാനികളോടു ഭാഗികമോ സാധാരണമോ ആയ പ്രതിഫലത്തിനു വേണ്ടി പ്രവർത്തിക്കുവാനല്ല പറഞ്ഞിരിക്കുന്നതു, പിന്നെയോ "പൂർണ്ണമായ പ്രതിഫല" ത്തിനു വേണ്ടിയാണ് (2 യോഹന്നാൻ 8). ഓരോ പരിവർത്ത കനും വിശ്വസ്തമായി ജീവിച്ചാൽ സ്വർഗത്തിൽ ചെല്ലുമ്പോൾ ആത്മാവിനെ നേടുന്നവർക്കുള്ള പ്രതിഫലം ലഭിക്കും (1 കൊരിന്ത്യർ 3:14 നോക്കുക). ആ ആത്മാവിനെ നേടുന്ന ആൾക്ക് കർത്താവു വീണ്ടും വരുമ്പോൾ "ഉയർച്ച യുടെ കിരീടം" കൊടുക്കും. പൗലൊസ് തെസലൊനിക്യയിലെ ക്രിസ്ത്യാ നികൾക്ക് എഴുതി, "നമ്മുടെ കർത്താവായ യേശുവിന്റെ മുൻപാകെ അവന്റെ പ്രത്യക്ഷതയിൽ, ഞങ്ങളുടെ ആശയോ സന്തോഷമോ പ്രശംസാകിരീടമോ ആർ ആകുന്നു? നിങ്ങളും അല്ലയോ? ഞങ്ങളുടെ മഹത്വവും സന്തോഷവും നിങ്ങൾ തന്നേ" (1 തെസലൊനിക്യർ 2:19, 20).

## വെള്ള ഉടുപ്പു ധരിക്കൽ

ക്രിസ്ത്യാനികളായി സംശുദ്ധജീവിതം നയിക്കുവാൻ പ്രേരിപ്പിക്കുന്ന അഞ്ചാമത്തെ ചിത്രം ആണ് സ്വർഗത്തിൽ പോകുന്നവർക്കു നൽകുമെന്നു പറഞ്ഞിരിക്കുന്ന: വെള്ള ഉടുപ്പ് (വെളിപ്പാട് 3:5). ഇത്, വിപരീതമായി, കാഴ്ച്ച യില്ലാത്ത ഒരാളെ കുറിച്ചുള്ള ദൈവകല്പന ഈ സാഹചര്യത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നു: "മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ" (സെഖര്യാവ് 3:4). ക്രിസ്ത്യാനികൾ "ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി, തന്നെത്താൻ വെടിപ്പാക്കി വിശുദ്ധിയെ തികച്ചു കൊൾകയും" ചെയ്യുമ്പോൾ (2 കൊരിന്ത്യർ 7:1), അവർക്കു സ്വർഗത്തിൽ നൽകുമെന്നു പറഞ്ഞിരിക്കുന്ന, കറയില്ലാത്ത ശുദ്ധമായ വെള്ളയുടുപ്പു ധരി ക്കുവാൻ, അവർ ഒരുങ്ങുകയാണ്. ദൈവം അവരെക്കുറിച്ചു ലജ്ജിക്കുക യില്ല; അവൻ പറഞ്ഞുകഴിഞ്ഞു "അവർ യോഗ്യതയുള്ളവരാകയാൽ, വെള്ള യുടുപ്പു ധരിച്ചു എന്നോടുകൂടെ നടക്കും" (വെളിപ്പാട് 3:4).

"യോഗ്യത" എന്ന വാക്ക് നാം സന്ദർഭാനുസരണം മനസിലാക്കണം. പൂർണ്ണത വെച്ചു നോക്കിയാൽ, "നമ്മുടെ നീതിപ്രവൃത്തികളെല്ലാം കറപു രണ്ട തുണി പോലെ ആകുന്നു" (യെശയ്യാവ് 64:6). പൗലൊസ് എഴുതി, "അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാര മത്രെ, രക്ഷിച്ചത്, ..." (തീത്തൊസ് 3:5). നാം അവന്റെ എല്ലാ കല്പനകളും അനുസരിച്ചാൽ പോലും, അപ്പോഴും നാം നമ്മുടെ കടമ മാത്രം ചെയ്യുന്ന പ്രയോജനമില്ലാത്ത ദാസന്മാർ മാത്രമാണ് (ലൂക്കൊസ് 17:10). നാം കൃപയാ ലാണ് രക്ഷിക്കപ്പെട്ടത്, എന്നാൽ "കൃപയാൽ എങ്കിൽ, പ്രവൃത്തിയാലല്ല: അല്ലെങ്കിൽ കൃപ കൃപയല്ല. പ്രവൃത്തിയാൽ എങ്കിൽ, അതു കൃപയാലല്ല: അല്ലെങ്കിൽ പ്രവൃത്തി ഒരിക്കലും പ്രവൃത്തി ആകയില്ല" (റോമർ 11:6; കെജെവി). ആർക്കും തന്റെ രക്ഷ നേടി എന്നു പ്രശംസിക്കുവാൻ കഴിയു കയില്ല (എഫെസ്യർ 2:8, 9); എങ്കിലും ദൈവകല്പനകൾ അനുസരിച്ചില്ലെ ങ്കിൽ (മത്തായി 7:21), വാതിലൂടെ ദൈവത്തിന്റെ നഗരത്തിൽ പ്രവേശിക്കു വാൻ സാധ്യമല്ല (നോക്കുക എബ്രായർ 5:9; വെളിപ്പാട് 22:14). നാം അയോ ഗ്യരാണെങ്കിലും, കർത്താവിന്റെ രക്തത്താൽ നമ്മെ ശുദ്ധീകരിച്ചു നീതിമാ ന്മാരായി എണ്ണുന്നു (സെഖര്യാവ് 13:1; 1 കൊരിന്ത്യർ 6:11; വെളിപ്പാട് 1:5).

## അധികാരം ലഭിക്കൽ

നിത്യസന്തോഷത്തിലേക്കു പ്രവേശിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന മറ്റൊരു ഭാഗമാണ് ജയിക്കുന്നവർക്കു നല്കുമെന്നു പറഞ്ഞിരിക്കുന്ന അധികാരം. ഇരുമ്പു ദണ്ഡുകൊണ്ടു യേശു വാഴുമെന്നു രണ്ടാം സങ്കീർത്തനത്തിൽ വിവരിക്കുന്നുണ്ട് (അവൻ തന്റെ ദൂതന്മാരുമായി അഗ്നിജ്വാലയിൽ പ്രത്യക്ഷപ്പെടുമ്പോഴാണെന്നു സ്പഷ്ടം; 2 തെസലൊനിക്യർ 1:7-9). തന്നെക്കുറിച്ചു ദാവീദ് പറഞ്ഞിരുന്നതു യേശു ഓർമ്മിക്കുകയും, താൻ ദേശങ്ങളെ വാഴുമ്പോൾ തന്നോടുകൂടെ തന്റെ ശിഷ്യന്മാരും ഉണ്ടാകുമെന്നും അവൻ പറഞ്ഞു (വെളിപ്പാട് 2:27). കർത്താവു ലോകരാജ്യങ്ങളെ കീഴടക്കുമ്പോൾ വാസ്തവത്തിൽ ക്രിസ്ത്യാനികൾ അവനോടുകൂടെ ഉണ്ടായിരിക്കും (വെളിപ്പാട് 11:15).

ഒരർത്ഥത്തിൽ, ക്രിസ്ത്യാനികൾ ഈ ജീവിതത്തിൽ തന്നെ ക്രിസ്തുവിനോടുകൂടെ വാണുകൊണ്ടിരിക്കുകയാണ്. അവർ പാപത്തിന്റെ ശക്തിയെ കീഴടക്കി, അവരുടെ ശരീരത്തിൽ പാപം വാഴുവാൻ അനുവദിക്കാതിരിക്കുമ്പോൾ, അവർ വാഴുകയാണ് (റോമർ 6:12). അവർ ഇപ്പോൾ രാജാക്കന്മാരും (അല്ലെങ്കിൽ "ഒരു രാജ്യം") പുരോഹിതന്മാരും ആയി (കൊലൊസ്യർ 1:13; വെളിപ്പാട് 1:6; 5:10). വെളിപ്പാട് 5:10-ലെ കെജെവിയും എൻഎഎസ്ബിയും ക്രിസ്ത്യാനികൾ ഭൂമിയിൽ വാഴും എന്നുപറയുന്ന തെറ്റായ കയ്യെഴുത്തിനെയാണ് പിൻപറ്റിയത്. ഏഎസ്‌വി-ൽ വെളിപ്പാട് 5:10 പറഞ്ഞതുപോലെ, ഇപ്പോഴാണ് എല്ലാ ഭൂമി-വാഴ്ചയും ഉള്ളത് ("... അവർ ഭൂമിയിൽ വാഴും"). കർത്താവു വരുമ്പോൾ ഭൂമി എല്ലാം കത്തിയഴിയുമെന്നതുകൊണ്ട്, ആർക്കെങ്കിലും വാഴേണ്ടതിനു ഈ ഭൂമി കാണുകയില്ല (2 പത്രൊസ് 3:10-12).

കർത്താവു പ്രത്യക്ഷനാകുന്ന ആ ദിവസം, ക്രിസ്ത്യാനികൾ ജീവിച്ചിരിക്കയും അവനോടുകൂടെ അവന്റെ സിംഹാസനത്തിൽ വാഴുകയും ചെയ്യും (2 തിമൊഥെയൊസ് 2:11; വെളിപ്പാട് 3:21), അതു അവൻ പെന്തെക്കൊസ്തു നാളിൽ ഉയിർത്തെഴുന്നേല്പിനുശേഷം മരണത്തെ ജയിച്ചു പിതാവിന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെയാണ് (ലൂക്കൊസ് 22:29; കൊലൊസ്യർ 1:13 നോക്കുക).[2] ന്യായവിധിക്കുശേഷം അവൻ തന്റെ അധികാരം പിതാവിനു തിരിച്ചേല്പിക്കുകയും അവസാനം എല്ലാം കീഴ്പ്പെടുത്തിയവന്നു അവൻ കീഴ്പ്പെട്ടിരിക്കും (1 കൊരിന്ത്യർ 15:28).

മറ്റൊരർത്ഥത്തിൽ, ന്യായവിധിക്കുശേഷം, ക്രിസ്തു എന്നേക്കും, തന്റെ പിതാവിന്നു കീഴ്പ്പെട്ട് പിതാവിനോടുകൂടെ വാഴും (എബ്രായർ 1:8). അപ്പോഴും ദൈവസിംഹാസനം യേശുവിന്റേതായിരിക്കും (വെളിപ്പാട് 22:1). ആ അർത്ഥത്തിൽ ക്രിസ്ത്യാനികളും ക്രിസ്തുവിനോടുകൂടെ എന്നേക്കും വാഴും (വെളിപ്പാട് 22:5).

## ജീവപുസ്തകത്തിൽ പേരെഴുതൽ

ദൈവമുൻപാകെ എഴുതിവെക്കുന്ന ഒരു ഓർമ്മപുസ്തകമാണ് നിത്യമായ അനുഗ്രഹങ്ങൾ നമുക്കുള്ളതിൽ അവസാനത്തേത് (മലാഖി 3:16). വാസ്തവത്തിൽ, ദൈവത്തിനു ഒന്നും ഒരിക്കലും മറക്കുവാൻ സാധ്യമല്ല; എന്നാൽ നമുക്ക് ഈശ്വരനിൽ മനുഷ്യരൂപാരോപണമെന്നു പറയാവുന്ന വാഗ്ദാനം അവൻ നൽകി (അതായത്, മനുഷ്യസ്വഭാവനിലയിൽ സാഹച

ര്യത്തെ വിവരിക്കൽ). അവനെ പ്രസാദിപ്പിക്കുന്നവരുടെ പേർ എഴുതിയിരിക്കുന്ന ഒരു പുസ്തകം സൂക്ഷിക്കുന്നതായി പറഞ്ഞിരിക്കുന്നു.

ഒരു കാഴ്ച്ചപ്പാടു വെച്ചു നോക്കിയാൽ, ലോകത്തിനു അടിസ്ഥാനമിടുന്നതുമുതൽ ജീവപുസ്തകത്തിൽ പേരെഴുതൽ തുടങ്ങിയിരിക്കുകയാണ് (വെളിപ്പാട് 17:8). എങ്ങനെയായാലും, അവരെ ഉൾപ്പെടുത്തിയിരിക്കുന്നത് നിയമനിബന്ധന കൂടാതെയല്ല, കാരണം ദൈവത്തിന്റെ മുന്നറിവിൽ, അവരുടെ പേർ എഴുതുന്നതു അവരുടെ വിശ്വസ്തതയും സേവനവും കണക്കാക്കിയാണ് (വെളിപ്പാട് 17:14; 22:12). അശുദ്ധരും, മ്ലേഛത പ്രവർത്തിച്ചവരും, ഭോഷ്ക്ക് പ്രവർത്തിച്ചവരും എഴുതപ്പെടാത്തവരായിരിക്കും (വെളിപ്പാട് 21:27). എഴുതിയ പേർ മായിച്ചുകളയുവാനും സാധ്യതയുണ്ടെന്നു നമ്മെ മുന്നറിയിച്ചിട്ടുണ്ട് (പുറപ്പാട് 32:33; വെളിപ്പാട് 3:5).

അത്ഭുതങ്ങൾ ചെയ്യുന്നതിനേക്കാൾ പ്രധാനപ്പെട്ടതാണ് ജീവപുസ്തകത്തിൽ പേരെഴുതപ്പെടുന്നതു എന്നു യേശു തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിക്കയുണ്ടായി (ലൂക്കൊസ് 10:20). തന്റെ സഹ-പ്രവർത്തകരിൽ ചിലരുടെ പേർ ജീവപുസ്തകത്തിൽ എഴുതപ്പെട്ടതിൽ പൗലൊസ് സന്തോഷിക്കയുണ്ടായി (ഫിലിപ്പിയർ 4:3). സഭയിലുള്ളവരായ, ആദ്യജാതന്മാരുടെ പേർ, സ്വർഗത്തിൽ എഴുതിയിരിക്കുമെന്നു എബ്രായലേഖകൻ പറഞ്ഞിരിക്കുന്നു (എബ്രായർ 12:23).

## ക്രിസ്തുവിന്റ മണവാട്ടി ആകൽ

ക്രിസ്തുവും തന്റെ ആളുകളും തമ്മിലുള്ള അടുത്ത ബന്ധത്തെ ബൈബിൾ ഒരു വിവാഹമായി പറഞ്ഞിരിക്കുന്നു. അശുദ്ധനായിരുന്ന ഒരു പാപി സുവിശേഷം അനുസരിക്കുമ്പോൾ, വചനത്തോടുകുടിയ ജലസ്നാനത്താൽ വെടിപ്പായി, അയാൾ ക്രിസ്തുവിൻ മണവാട്ടിയുടെ ഭാഗമാകുന്നു (എഫെസ്യർ 5:26). ഒരിക്കൽ വിശുദ്ധീകരണവും നീതീകരണവും ലഭിച്ചശേഷം, ക്രിസ്ത്യാനി മരിച്ചവരിൽനിന്നുയർത്തെഴുന്നേറ്റ ക്രിസ്തുവിനെ വിവാഹം കഴിക്കുന്നു (റോമർ 7:4). അയാൾ അങ്ങനെ ആ വിശുദ്ധമണവാട്ടിയുടെ ഭാഗമാകുന്നു (ക്രിസ്തുവിന്റെ സഭ), അതുകൊണ്ടു അയാളിൽ "കറയും ചുളുക്കവും മാലിന്യവുമില്ല" (എഫെസ്യർ 5:27). മനുഷ്യ വിവാഹത്തിലെ സന്തോഷം അങ്ങനെ പാപികൾക്കു ക്രിസ്തുവുമായി ചേരുമ്പോഴുണ്ടാകുന്ന സന്തോഷത്തെ താരതമ്യം ചെയ്യുവാൻ ഉപയോഗിച്ചിരിക്കയാണ്.

ക്രിസ്ത്യാനി ക്രിസ്തുവുമായി വിവാഹം ചെയ്യുന്നതു വരുവാനുള്ള ലോകവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ അതിന് മാറ്റം വരും. ആ കാഴ്ച്ചപ്പാടിൽ, ക്രിസ്ത്യാനികൾ ക്രിസ്തുവിനെ വിവാഹം കഴിക്കുവാനിരിക്കുന്നേയുള്ളൂ, ഇപ്പോൾ വിവാഹനിശ്ചയമേ നടന്നിട്ടുള്ളൂ, വിവാഹം നടക്കുന്നതു അടുത്ത ജീവിതത്തിലാണ്. കൊരിന്ത്യർ സഭയുടെ അംഗമായിത്തീർന്നപ്പോൾ (കേട്ടു, വിശ്വസിച്ചു, സ്നാനം ഏറ്റുകൊണ്ടു; പ്രവൃത്തികൾ 18:8; 1 കൊരിന്ത്യർ 1:1, 2), അവർ യേശുവിന്റെ മണവാട്ടിയായിത്തീർന്നു. അവർക്കു തുണയുണ്ടാക്കികൊടുത്ത പൗലൊസ്, പറഞ്ഞു, "ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷന്നു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ, വിവാഹനിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരിന്ത്യർ 11:2). ലോകാവസാനദിവസമാണ്

വിവാഹം, “കുഞ്ഞാടിന്റെ കല്ല്യാണവും വന്നുവല്ലോ അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു” (വെളിപ്പാട് 19:7). കൊരിന്ത്യർ ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി, ദൈവഭയത്തിൽ തന്നെത്താൻ വെടിപ്പാക്കേണ്ടിയിരുന്നു (2 കൊരിന്ത്യർ 7:1). അവർ വരേണ്ടിയിരുന്നതു മണവാട്ടിയുടെ കല്യാണ വസ്ത്രം ധരിച്ചുകൊണ്ടായിരുന്നു (“ശുദ്ധവും, ശുഭ്രവുമായ വസ്ത്രം; ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളത്രേ,” വെളിപ്പാട് 19:8). ഈ നേട്ടങ്ങളെല്ലാം കൈവരിക്കുവാൻ ശ്രമിക്കുമ്പോൾ, അവരുടെ ഊർജമെല്ലാം ഉപയോഗിക്കേണ്ടതു മണവാളനായി ഒരുങ്ങുന്നതിനുവേണ്ടിയായിരുന്നു. എല്ലാ ദിവസങ്ങളുടേയും ദിവസം അന്നായിരിക്കും! യോഹന്നാൻ എഴുതി, “കുഞ്ഞാടിന്റെ കല്യാണ സദ്യക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ” (വെളിപ്പാട് 19:9).

ഒരു അതിഥിയായി കല്യാണവിരുന്നിനു പോകുന്നതിനേക്കാൾ സന്തോഷം ഉളവാക്കുന്നതാണ് ഒരു ക്രിസ്ത്യാനിക്കു ആ കല്യാണവിരുന്ന്, കാരണം ക്രിസ്ത്യാനി അന്നു ക്രിസ്തുവിന്റെ മണവാട്ടി ആയിട്ടാണ് എത്തുന്നത്. തൽഫലമായി, തന്റെ വിവാഹദിവസത്തിനായി ശുദ്ധയായി കാത്തിരിക്കുന്ന ഒരു സ്ത്രീയുടെ ഹൃദയത്തിലെ നിറഞ്ഞുകവിയുന്ന സന്തോഷം അവനുണ്ടാകുന്നു.

### ഉപസംഹാരം

നിങ്ങൾ ഇതുവരെ കർത്താവിന്റെ സഭയിൽ അംഗമായി തീർന്നിട്ടില്ലെങ്കിൽ, ഇന്നു തന്നെ അംഗമായി തീരുവാനാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. നിങ്ങൾ അംഗമായിട്ട് അവിശ്വസ്തനായി ജീവിക്കുകയാണെങ്കിൽ, ആദ്യസ്നേഹത്തിലേക്കു മടങ്ങിവരുവാനാണ് ഞങ്ങൾ പ്രാർത്ഥിക്കുന്നത് (വെളിപ്പാട് 2:4, 5). ഈ പാഠം പഠിക്കുന്ന എല്ലാവരും ഒരു ദിവസം “കർത്താവിന്റെ കല്യാണസദ്യ” ക്കു ഉണ്ടാകും എന്നാണ് ഞങ്ങളുടെ പ്രാർത്ഥന!

കുറിപ്പുകൾ

[1]“പറുദീസ” എന്ന വാക്കിനു തിരുവെഴുത്തിൽ വേറൊരു അർത്ഥമുണ്ട് (ലൂക്കൊസ് 23:43; 2 കൊരിന്ത്യർ 12:4), എന്നാൽ ആ രണ്ടാമത്തെ അർത്ഥം ഈ പാഠത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. [2]ആയിരമാണ്ടു വാഴ്ച്ചക്കാർ വെളിപ്പാട് 3:21-നെ തെറ്റായി ഉപയോഗിച്ച് പറയുന്നത് യേശു ഇപ്പോൾ അവന്റെ സിംഹാസനത്തിലല്ല, പിതാവിന്റെ സിംഹാസനത്തിലാണ് ഇരിക്കുന്നത് എന്നാണ്. രണ്ടു സിംഹാസനങ്ങൾ ഉണ്ടായിരുന്നില്ല; തികവുള്ള രണ്ടു അധികാരങ്ങൾ ഉണ്ടാകുകയില്ല. താരതമ്യം ചെയ്താൽ, ദാവീദിന്റെ സിംഹാസനം (1 രാജാക്കന്മാർ 1:35) കർത്താവിന്റേതായിരുന്നു (1 ദിനവൃത്താന്തം 29:23); രണ്ടു സിംഹാസനങ്ങൾ ഉണ്ടായിരുന്നില്ല.

---

## ഇരട്ട പൗരത്വം

റോമിലോ റോമൻ കോളനിയിലോ ജനിക്കാതിരുന്നിട്ടും, പൗലൊസ് ഒരു റോമാ പൗരൻ ആയിരുന്നു. അവൻ തന്റെ പൗരത്വം അവകാശമാക്കിയതാണ്; അവന്റെ അപ്പനു ആ പദവിയുണ്ടായിരുന്നു, അതുകൊണ്ടു പൗലൊസിനു

പറയാൻ കഴിഞ്ഞു, “ഞാനോ അങ്ങനെ ജനിച്ചിരിക്കുന്നു” (പ്രവൃത്തികൾ 22:28). പൗലൊസിന്റെ റോമൻ പൗരത്വത്തിനു വലിയ നേട്ടങ്ങളുണ്ടായിരുന്നു (നോക്കുക പ്രവൃത്തികൾ 16:37; 22:25–28; 23:12–27; 25:11, 12); എങ്ങനെയായാലും, അവന്റെ സ്വർഗീയപൗരത്വത്തിനു, അതിനേക്കാൾ വളരെ വിലയുണ്ടായിരുന്നു (ഫിലിപ്പിയർ 3:20). പാപങ്ങളെ ‘‘കഴുകിക്കളയുവാൻ’’ പൗലൊസ് സ്നാനമേറ്റ നിമിഷം മുതൽ (പ്രവൃത്തികൾ 22:16), അവൻ ഇരട്ട പൗരത്വം ആസ്വദിക്കുവാൻ തുടങ്ങി, അതു ഒന്നു റോമിലും മറ്റൊന്നു സ്വർഗീയവിശുദ്ധന്മാരുമൊത്തുള്ള പൗരത്വമാണ് (എഫെസ്യർ 2:19).

ലുദിയയും അവളുടെ ഭവനവും, സുവിശേഷം കേട്ട് അനുസരിച്ചതിനാൽ (പ്രവൃത്തികൾ 16:14, 15), അവർ സ്വർഗ്ഗത്തിലെ “സഹപൗരത്വത്തിനു” അവകാശികളായിതീർന്നു. അതു ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയുടെയും (പ്രവൃത്തികൾ 16:25–33) അവന്റെ കുടുംബത്തിന്റെയും കാര്യത്തിലും വാസ്തവമാണ്. ഇന്നു, ലോകത്തിൽ എങ്ങും വചനം വിശ്വസിക്കുകയും, മാനസാന്തരപ്പെട്ട്, സ്നാനം ഏല്ക്കുകയും ചെയ്ത, ആയിരക്കണക്കിനു ആളുകൾ (മത്തായി 28:18–20; മർക്കൊസ് 16:15, 16; ലൂക്കൊസ് 24:46, 47), ഇപ്പോൾ ഇരട്ട പൗരത്വം ആസ്വദിക്കുന്നു. അവർ ഭൂമിയിലെ വാസസ്ഥലത്തിനു വേണ്ടിയല്ല നോക്കി പാർത്തിരിക്കുന്നതു, എന്നാൽ “ദൈവം ശില്പിയായി നിർമ്മിച്ചതും, അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായത്രേ” (എബ്രായർ 11:10), അതു സ്വതന്ത്രമായ, മുകളിലുള്ള സ്വർഗീയ യെരുശലേമാണ് (ഗലാത്യർ 4:26; എബ്രായർ 12:22). ഇവിടെ നമുക്ക് നിലനിലനില്ക്കുന്ന നഗരമില്ല, എന്നാൽ ‘‘വരുവാനുള്ളതത്രേ നാം അന്വേഷിക്കുന്നതു’’ (എബ്രായർ 13:14).

---

## അന്തിമസ്ഥാനമായ സ്വർഗത്തിൽ എത്തും മുൻപു ആവശ്യമായത്: വിശ്വസ്തത

യേശു ‘‘ഏകരക്ഷിതാവായ” ‘‘അവന്റെ ശരീരമായ, സഭയിൽ” അംഗമാകുന്നതു പ്രാധാന്യമുള്ളതുപോലെ (എഫെസ്യർ 1:22, 23; 5:23), തുല്യപ്രാധാന്യമുള്ളതാണ് അന്ത്യവും നിത്യവുമായ സ്വർഗത്തിലെത്തുവാൻ വെറുതെ സഭയിൽ അംഗമായാൽ മാത്രം പോരാ എന്നതും. സ്വർഗീയഭവനത്തിലെത്തുന്നതിനു മുൻപു ആവശ്യപ്പെടുന്നതാണ് വിശ്വസ്തത.

സഭാംഗങ്ങൾ തങ്ങളുടെ കടമകളിൽനിന്നു ഭയങ്കരമായി വീണു പോയിട്ടുള്ള ഉദാഹരണങ്ങൾ ബൈബിളിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ, അവരെ ‘‘തീച്ചൂളയിലേക്ക് എറിയും; …” (മത്തായി 13:41, 42) എന്നു മുന്നറിയിച്ചിട്ടുണ്ട്. സഭാംഗങ്ങളല്ല, എല്ലാ ഭോഷ്ക്കു പറയുന്നവരുടെ, അന്തിമസ്ഥാനം സ്വർഗമായിരിക്കയില്ല, മറിച്ച് “ഗന്ധകവും തീയും കത്തുന്ന പൊയ്കയായിരിക്കും, അതായത് അവരുടെ രണ്ടാം മരണം” (വെളിപ്പാട് 21:8). അനന്യാസും സഫീരയും, അവർ മരിക്കുന്നതിനു മുൻപു ദൈവമുൻപാകെ മാനസാന്തരപ്പെട്ടിരുന്നെങ്കിൽ, എന്നു നാം ആശിച്ചു പോകുന്നു (പ്രവൃത്തികൾ 5:1–11). അന്തിമ ഫലം എന്തായാലും, ചരിത്രസംഭവവും വിശുദ്ധഗ്രന്ഥവും വ്യക്തമാക്കുന്നതു “ഒരിക്കൽ

രക്ഷിക്കപ്പെട്ടാൽ രക്ഷ എന്നേക്കുമുള്ളതാണ്" എന്നതു ബൈബിൾ ഉപദേശമല്ല എന്നതാണ്.

ശമര്യയിലെ ആഭിചാരക്കാരനായിരുന്ന ശിമോൻ, എല്ലാ മന്ത്രവാദവും അറിയാമായിരുന്നിട്ടും, ഫിലിപ്പൊസ് ചെയ്ത അത്ഭുതങ്ങൾ കണ്ട് അവൻ ദൈവത്തിൽനിന്നുള്ളവൻ എന്നുഗ്രഹിച്ചു. തൽഫലമായി, അവൻ വിശ്വസിക്കുകയും, സ്നാനമേൽക്കുകയും ചെയ്തു പരിവർത്തനം ചെയ്യപ്പെട്ടു (പ്രവൃത്തികൾ 8:13). പിന്നീട് അവൻ അപ്പൊസ്തലനായിരുന്ന പത്രൊസിന്റെ കാൽക്കൽ ദ്രവ്യം കൊണ്ടുവെച്ചതിൽനിന്നു അവന്റെ പരിവർത്തനം വാസ്തവത്തിലുള്ളതായിരുന്നോ എന്നു സംശയിപ്പിക്കുന്നു. പരിവർത്തനം ചെയ്യപ്പെടാത്തവരോടു, പെന്തകൊസ്തുനാളിൽ മാനസാന്തരപ്പെട്ടു സ്നാനം ഏല്ക്കുവാനായിരുന്നു, പത്രൊസ് പറഞ്ഞത് (പ്രവൃത്തികൾ 2:38). ആഭിചാരക്കാരനായിരുന്ന ശിമോൻ പരിവർത്തനം ചെയ്തിരുന്നില്ലെങ്കിൽ, അവൻ പത്രൊസിനോടു സംസാരിച്ചപ്പോൾ യെരുശലേമിലെ പുരുഷാരത്തോടു പറഞ്ഞതുപോലെ, അവൻ പറയുമായിരുന്നു. പകരം, പത്രൊസ് അവനോടു മാനസാന്തരപ്പെട്ടു പ്രാർത്ഥിക്കുവാനാണ് പറഞ്ഞത് (പ്രവൃത്തികൾ 8:22). സ്നാനം ഒരാളെ ക്രിസ്തുവിലാക്കുന്നതുകൊണ്ടും (1 കൊരിന്ത്യർ 12:13 നോക്കുക), പത്രൊസ് ശീമോനോടു സ്നാനമേൽക്കുവാൻ പറയാത്തതു കൊണ്ടും, ശിമോനെ സ്പഷ്ടമായും ഒരു സഭാംഗമായി പത്രൊസ് കണക്കാക്കി. അതുകൊണ്ടു പത്രൊസ് അവനെ ഒരു അ-ക്രൈസ്തവനായിട്ടല്ല, തെറ്റിലകപ്പെട്ട ക്രിസ്ത്യാനിയായിട്ടാണ് കണ്ടത്.

ശിമോൻ സ്നാനമേറ്റ-ശേഷമുള്ള അവന്റെ അവസ്ഥ, "കൈപ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും" (പ്രവൃത്തികൾ 8:23), കാണിക്കുന്നതു എല്ലാം സഭാംഗങ്ങളും വാഗ്ദത്തദേശത്ത് പോകുമെന്ന് ഉറപ്പില്ല എന്നാണ്. സഭാംഗങ്ങൾക്കു മാത്രമെ ആ വാഗ്ദാനമുള്ളൂ എന്നതു വാസ്തവമാണ്, എന്നാൽ സ്വർഗമെന്ന അന്തിമ സ്ഥാനത്തെത്തുന്നതിനുമുൻപു വിശ്വസ്തത തീർച്ചയായും അനിവാര്യമാണ്.

ഒരു സഭ മുഴുവൻ പാപത്തിലായിരുന്നു എന്നു വെളിപ്പാട് 2-ലെ സംഭവം വ്യക്തമാക്കുന്നു. എഫെസ്യ സഭക്ക് അതിന്റെ ആദ്യസ്നേഹം നഷ്ടമായി. പൗലൊസ് മൂന്നു വർഷക്കാലം രാപ്പകൽ കണ്ണുനീരോടെ അദ്ധ്വാനിച്ചത് അവിടെയായിരുന്നു (ഏ.ഡി. 54-57). അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളെ അവരുടെ സ്നേഹത്തിനും വിശ്വസ്തതക്കും ഏ.ഡി. 62-ൽ പ്രകീർത്തിക്കയുണ്ടായി (എഫെസ്യർ 1:15). എങ്കിലും, വെളിപ്പാട് എഴുതിയപ്പോൾ, ആ സഭ ധാർമ്മിക അപകടത്തിലാകുകയും കർത്താവിനാൽ ത്യജിക്കപ്പെടുകയും ചെയ്തു (വെളിപ്പാട് 2:5 നോക്കുക).

അതുപോലെ, പെർഗ്ഗമൊസ് സഭയും തെറ്റിലകപ്പെട്ടതിനാൽ യേശു അവരെ ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുണ്ട് "എന്റെ വായിലെ വാൾകൊണ്ടു നിങ്ങളോടു പോരാടും" (വെളിപ്പാട് 2:16). തുയഥൈരസഭയെ സംബന്ധിച്ച്, അവർ വീണുപോയെങ്കിലും, ചിലർ അംഗീകരിക്കപ്പെട്ടിരിക്കുന്നതായി കർത്താവു കാണുന്നുണ്ട് (വെളിപ്പാട് 2:24). അതുപോലെ, സർദ്ദീസിലെ സഭയെ, കർത്താവു നോക്കിയപ്പോൾ, അവർ ആത്മീയമായി നിർജീവാവസ്ഥയിലായിരുന്നു എന്നുകണ്ടു (വെളിപ്പാട് 3:1-4).

ഒരിക്കലും സഭ ഒന്നായി രക്ഷിക്കപ്പെടുകയോ, അതുപോലെ ഒന്നായി നഷ്ടപ്പെടുകയോ ഉണ്ടായിട്ടില്ല. ലവൊദിക്യ സഭയിലെ അംഗങ്ങൾ ശീതോ

ഷ്ണവാന്മാരായിരുന്നെങ്കിലും, ഒരു നന്മയും അവരെക്കുറിച്ചു പറയുവാനി ല്ലെങ്കിലും, അവരോടു മാനസാന്തരപ്പെടുവാനാണ് പറഞ്ഞത്. യേശു പറ ഞ്ഞു,

> ഞാൻ, വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും, അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും. ജയിക്കുന്നവന്നു, ഞാൻ എന്നോടുകൂടെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും, ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെ തന്നെ (വെളിപ്പാട് 3:20, 21).